(സി) ഉണ്ട്. തന്റെ ദൃശ്യങ്ങൾ പുറത്തുവിട്ടത് സംബന്ധിച്ചും മറ്റുമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സരിത എസ്. നായരുടെ ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിവരികയാണ്.

വനിതാ പോലീസ് - ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ

176 (3808) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-2011 -ലെ G.O. (P) No. 83/11/ഹോം ഉത്തരവ് പ്രകാരം മാതൃജില്ലയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ട വനിത പോലീസുകാരുടെ പേരുവിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥലം മാറ്റം ലഭിക്കുന്നതിന് അപേക്ഷിച്ചവർക്ക് മാതൃ ജില്ലയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മേൽ ഉത്തരവു പ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്ന് എത്ര പേർക്ക് കൊല്ലം ജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിച്ചിട്ടുണ്ട്; പേരുവിവരം വിശദമാക്കുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിൽനിന്നും കൊല്ലം ജില്ലയിലേക്ക് ഇനി എത്രപേർക്ക് ട്രാൻസ്ഫർ ലഭിക്കുവാനുണ്ട് ; ആയതിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമോ ?

ഉത്തരം

(എ) സ്ഥലം മാറ്റം ആവശ്യപ്പെട്ടവരുടെ വിവരം ജില്ല തിരിച്ച് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു..*

(ബി) കൊല്ലം ജില്ലയിൽ വേക്കൻസി ഇല്ലാത്തതിനാൽ നിയമനം നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പേരുവിവരം ചുവടെപ്പറയുന്നു :

WCPO T 2099 - വിനീത ഗോപിനാഥ്

WCPO T 3063 - ശോഭ

WCPO T 3009 - സ്മിത ചന്ദ്രൻ

WCPO T 3038 - സുചിത്ര ദേവി

WCPO T 3491 - ഷെർളി. എസ്

(ഡി) 3 പേർക്ക് ട്രാൻസ്ഫർ ലഭിക്കുവാനുണ്ട്. മൊത്തത്തിലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റ് അനുബന്ധം (II)* ആയി ചേർത്തിരിക്കുന്നു.

ഹവാല പണമിടപാട് കേസ്സുകൾ

177 (3809) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ എത്ര ഹവാലാ പണമിടപാട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ആകെ എത്ര തുകയുടെ ഇടപാടുകളുമായി ബന്ധപ്പെട്ടാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര വിദേശ പൗരന്മാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഓരോരുത്തരും ഏതു രാജ്യത്തെ പൗരന്മാരാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹവാലപ്പണവുമായി ബന്ധപ്പെട്ട് 17 കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി.

(ബി) ഏഴു കോടി എൺപത്തി മൂന്നു ലക്ഷത്തി ഇരുപതിനായിരത്തി എഴുന്നൂറ് രൂപയുടെ (7,83,20,700) ഇടപാടുകളുമായി ബന്ധപ്പെട്ടാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ഈ കേസ്സുകളിൽ വിദേശ പൗരന്മാർ ഉൾപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly